പി. എസ്. സി. -യുടെ ഉത്തരക്കടലാസിൽ ജാതി എഴുതണമെന്ന തീരുമാനം

23 [2332] *ശ്രീ. ഡി. സുഗതൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി.-യുടെ ഉത്തരക്കടലാസിൽ ഉദ്യോഗാർത്ഥിയുടെ ജാതി കൂടി എഴുതണമെന്ന പി. എസ്. സി.-യുടെ തീരുമാനം മാറ്റുവാൻ സർക്കാർ ഇതുവരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സമ്പ്രദായം പക്ഷപാതവും വിവേചനവും മൂല്യനിർണ്ണയത്തിൽ കടന്നുകൂടുവാൻ ഇടയാക്കുമെന്ന സാഹചര്യത്തിൽ ഉടൻ പ്രസ്തുത പരിഷ്കാരം ഒഴിവാക്കാൻ സർക്കാർ സത്വരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) പി. എസ്. സി.-യോട് വിവരം ആരാഞ്ഞിട്ടുണ്ട്.

പി. എസ്. സി. ഹാൾ ടിക്കറ്റ് കിട്ടാത്തവർക്കായി പുനഃപരീക്ഷ

24 [2333] *പ്രൊഫ. എ. ഡി. മുസ്തഫ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15-1-2005-ൽ പി. എസ്. സി. നടത്തിയ കെ. എസ്. എഫ്. ഇ. പ്യൂൺ/ വാച്ച്മാൻ പരീക്ഷയിൽ 15,000 ഉദ്യോഗാർത്ഥികൾക്ക് ഹാൾ ടിക്കറ്റ് കിട്ടിയില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവർക്കുവേണ്ടി വീണ്ടും പരീക്ഷ നടത്തുമോ?

ഉത്തരം

(എ) & (ബി) പി. എസ്. സി.-യിൽ നിന്ന് വിവരം ശേഖരിച്ചുവരുന്നു.

പോലീസ് സേനയെ നവീകരിക്കുന്നതിന് നടപടി

25 [2334] *ശ്രീ. ടി. പി. രാമകൃഷ്ണൻ:*
„ *രാജു എബ്രഹാം:*
„ *കെ. കെ. ജയചന്ദ്രൻ:*
„ *വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ സേവനം കാര്യക്ഷമമാക്കുന്നതിനും, പോലീസ് സേനയെ നവീകരിക്കുന്നതിനും സർക്കാർ പദ്ധതി വല്ലതും ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly